**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2216** **06-07-2022 - ൽ മറുപടിയ്ക്ക്**

**കൊല്ലം താലൂക്കിലെ റേഷൻ ഡിപ്പോ ലൈസൻസികളുടെ നിയമനം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ ജി എസ് ജയലാൽ</td><td colspan="2">ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>അംഗീകൃത ലൈസൻസികളോ നിയമപരമായ അവകാശികളോ ഇല്ലാത്ത റേഷൻ ഡിപ്പോകൾക്ക് ലൈസൻസികളെ നിയമിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;</td><td>(എ)</td><td>പുതിയ ലൈസൻസികളെ കണ്ടെത്തുന്നതിനായി 2022 മെയ് 16ന് വിജ്ഞാപനം പുറപ്പെടുവിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.</td></tr>
<tr><td>(ബി)</td><td>അംഗീകൃത ലൈസൻസികളില്ലാതെ പ്രവർത്തിക്കുന്ന റേഷൻ ഡിപ്പോകൾക്ക് ലൈസൻസികളെ നിയമിക്കുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിൽ കൊല്ലം താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിലെ ഏതെല്ലാം റേഷൻ ഡിപ്പോകൾ ഉൾപ്പെട്ടിട്ടുണ്ടെന്നും ആയതിൽ പൊതുവിഭാഗത്തിൽ ഉൾപ്പെട്ട ഡിപ്പോകൾ ഏതെല്ലാമെന്നും അറിയിക്കാമോ;</td><td>(ബി)</td><td>കൊല്ലം താലൂക്കിൽ താഴെപ്പറയുന്ന 15 റേഷൻ കടകൾക്ക് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>എ.ആർ.ഡി 7, 12, 16, 23, 28, 35, 66, 143, 157, 246, 281, 287, 373, 377, 418<br><br>ഇവയെല്ലാം ഉൾപ്പെട്ടിരിക്കുന്നത് സംവരണ വിഭാഗത്തിലാണ്.<br><br><table><tr><td>സംവരണ വിഭാഗം</td><td>എ.ആർ.ഡി നം.</td><td>എണ്ണം</td></tr><tr><td>പട്ടികജാതി</td><td>7, 12, 16, 28, 35, 66, 69, 143, 157, 246, 287, 373, 377</td><td>13</td></tr><tr><td>ഭിന്നശേഷി</td><td>281, 418</td><td>2</td></tr></table><br>പൊതുവിഭാഗത്തിൽ ഒന്നും തന്നെയില്ല.</td></tr>
<tr><td>(സി)</td><td>പ്രസ്തുത വിജ്ഞാപന പ്രകാരം കൊല്ലം താലൂക്കിൽ സംവരണ വിഭാഗങ്ങൾക്കായി വിജ്ഞാപനം ചെയ്തിട്ടുള്ള റേഷൻ ഡിപ്പോകൾ ഏതെല്ലാമെന്നും അവയുടെ സംവരണ വിഭാഗം ഏതാണെന്നുമുള്ള വിവരം വ്യക്തമാക്കാമോ;</td><td>(സി)</td><td>ക്ലോസ് (ബി) യുടെ ഉത്തരം കണ്ടാലും.</td></tr>
<tr><td>(ഡി)</td><td>പുതിയ ലൈസൻസികളുടെ നിയമന നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?</td><td>(ഡി)</td><td>നടപടികൾ തുടർന്നു വരുന്നു. പൂർത്തിയായിട്ടില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ